**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് - ദുരിതാശ്വാസ നിധിയിലേക്ക് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും സംഭാവന നൽകുന്നതിന് - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2469**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 24.08.2012.

==========================================================

പരാമർശം:- 1) സ.ഉ.(സാധാ.) 2229/2012/ത.സ്വ.ഭ.വ., തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ് തീയതി : 16.08.2012.

2) 13.08.2012-ലെ തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.

**ഉത്തരവ്**

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽ ഉണ്ടായ ഉരുൾപൊട്ടലിൽ 6 ജീവനുകൾ നഷ്ടപ്പെടുകയും 150-ൽപ്പരം ആളുകൾ ഭവന രഹിതരായി തീരുകയും 1000-ഹെക്ടറോളം കൃഷി ഭൂമി നശിക്കുകയും ചെയ്തിരിക്കുകയാണെന്നും ആയതിനാൽ തിരുവമ്പാടി ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മറ്റു ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 1 ലക്ഷം രൂപ സംഭാവന നൽകുന്നതിന് അനുമതി നൽകണമെന്നാണ് പരാമർശം (2) വഴി ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ഉണ്ടായ നാശനഷ്ടങ്ങൾക്ക് പരാമർശം (1) ലെ ഉത്തരവനുസരിച്ച് രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിലേക്ക് കേരളത്തിലെ മറ്റ് ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി 1,00,000/- **(ഒരു ലക്ഷം രൂപ മാത്രം) രൂപ വരെ അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി** പ്രസ്തുത നിധിക്കായുള്ള തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

എസ്.ജമുന,

അഡിഷണൽ സെക്രട്ടറി.

പ്രസിഡന്റ് / സെക്രട്ടറി, തിരുവമ്പാടി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് - 673603.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.